പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

16.12.2014 ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 339

ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക്

ചോദ്യം

ശ്രീ. സി.എഫ്.തോമസ് ;
ശ്രീ. മോൻസ് ജോസഫ് ;
ശ്രീ. റ്റി.യു. കുരുവിള ;
ശ്രീ. തോമസ് ഉണ്ണിയാടൻ ;

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) കേരളത്തിലെ മെട്രോ നഗരങ്ങളുടെ അസൗകര്യങ്ങൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

ബി) ഐ.റ്റി. വ്യവസായം കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന പദ്ധതികൾ വിശദമാക്കാമോ?

(എ) യും (ബി) യും

സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും സർക്കാർ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നത് പ്രായോഗികവും, പ്രാവർത്തികവുമല്ല. പുതിയ ഐ.ടി./ഐ.ടി.ഇ.എസ്. അധിഷ്ഠിത വ്യവസായങ്ങൾ, കൂടുതൽ ഐ.ടി./ഐ.ടി.ഇ.എസ്. വികസന സാധ്യതകൾ തുടങ്ങിയവ സംസ്ഥാനമൊട്ടാകെ പ്രയോജനപ്പെടുത്തുന്ന-തിനാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി 'Hub & Spoke' മാതൃകയിൽ പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഐ.ടി. പോളിസിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രധാന നഗരങ്ങൾ 'Hub' ആയും മറ്റ് പ്രദേശങ്ങൾ ബന്ധിപ്പിച്ച് 'Spoke' കൾ ആയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന 'Hub' കളായി കേന്ദ്രീകരിച്ചു ഈ രീതിയിൽ ഐ.ടി. സംരംഭങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇങ്ങനെ 'Hub & Spoke' മാതൃകയിൽ സംസ്ഥാനത്ത് ആരംഭിച്ച ആദ്യത്തെ ഐ.ടി. പാർക്കാണ് തിരുവനന്തപുരം ടെക്നോപാർക്ക്. ഇതിന്റെ കീഴിൽ കുണ്ടറയിൽ ടെക്നോപാർക്ക് പ്രവർത്തിച്ചുവരുന്നു. ഇതുപോലെ കൊച്ചി ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് കൊരട്ടിയിലും (തൃശ്ശൂർ ജില്ല), ചേർത്തലയിലും പാർക്കുകൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് സൈബർപാർക്കിന്റെ കീഴിലായിരിക്കും കണ്ണൂരും കാസർഗോഡുമുള്ള

ഐ.ടി. പാർക്കുകൾ. കോട്ടയം ജില്ലയിൽ പാലായിലും (ഇൻഫോസിറ്റി), മലപ്പുറം ജില്ലയിൽ അരീക്കോട്ടും ഓരോ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ